**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 19,800/- രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാധാ) നം.2919/16/തസ്വഭവ.   തിരുവനന്തപുരം, തീയതി: 21/10/2016

പരാമർശം:-

1) ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/07/2015 തീയതിയിലെ എ-2344/2015 നമ്പർ കത്ത്
2) പഞ്ചായത്ത് ഡയറക്ടറുടെ 17/12/15 തീയതിയിലെ എ-3-41648/15 നമ്പർ കത്ത്.
3) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31/08/2016 തീയതിയിലെ കെ.എസ്.എ 1993/പിറ്റി 3/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എരുവേശ്ശി ഗവ:യു പി സ്കൂളിലേക്ക് 2009-10 വർഷത്തിൽ എൽ സി ഡി പ്രൊജക്ടർ വാങ്ങുന്നതിനായി എരുവേശ്ശി യു പി സ്കൂൾ ഹെഡ്മാസ്റ്റർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'എൽ സി ഡി പ്രൊജക്ടർ വാങ്ങൽ' പദ്ധതിയിൽ 49,800/- രൂപ ചെലവഴിച്ചിരുന്നു.എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 6/5/08-ലെ എൻ ഇ പി3/80281/07/ഡി പി ഐ ഉത്തരവ് പ്രകാരം എൽ സി ഡി പ്രൊജക്ടർ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ മാത്രമേ ചെലവഴിക്കാവൂ എന്നതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച 19,800/- രൂപ ഓഡിറ്റിൽ നിരാകരിച്ചിരുന്നു.

2) പ്രസ്തുത പദ്ധതിയ്ക്കായി മലയാള മനോരമ ദിനപ്പത്രത്തിൽ പരസ്യം നൽകുകയും അപ്രകാരം ലഭിച്ച ലഭിച്ച ടെണ്ടറുകൾ താരതമ്യ പഠനത്തിന് ശേഷം പി ഡബ്ള്യു ഡി ഇലക്ട്രോണിക്സ് വിഭാഗം അസി:എഞ്ചിനീയറുടെ റിപ്പോർട്ട് വാങ്ങി, ഗ്രാമ പഞ്ചായത്തിന്റെ 22/01/2010-ലെ 3/2010(1) നമ്പർ തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ച് ഉയർന്ന സാങ്കേതികതയുള്ള പ്രൊജക്ടർ 49,800/- രൂപയ്ക്ക് വാങ്ങിയെന്നും ഡി പി ഐ -യുടെ ഉത്തരവ് പ്രകാരമുള്ള സാങ്കേതികതയേക്കാൾ ഉയർന്ന സാങ്കേതികതയുള്ള പ്രൊജക്ടർ വാങ്ങിയതിനാലാണ് തുക ഉയർന്നതെന്നും ആയതിനാൽ അധികം ചെലവഴിച്ചതും ഓഡിറ്റിൽ നിരാകരിച്ചതുമായ 19,800/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്നും പരാമർശം 1 കത്ത് പ്രകാരം എരുവേശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം 2 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. മേൽ പരാമർശിത വിഷയത്തിൽ സാധൂകരണം ലഭ്യമാക്കുകയോ അല്ലെങ്കിൽ ഉത്തരവാദിയിൽ നിന്നും തുക ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് 7/10/13-ലെ എൽ എഫ് കെ എൻ ആർ സി1/1259/13 നമ്പർ കത്ത് പ്രകാരം കണ്ണൂർ ജില്ലാ

ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും സ്കൂളുകളിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ഡി പി ഐ -യുടെ 6/5/2008-ലെ എൻ ഇ പി 3/80281/07/ഡി പി ഐ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പരാമർശം 3 പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂളുകളിൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ഡി പ് ഐ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന് വിരുദ്ധമായാണ് തുക വിനിയോഗിച്ചിട്ടുള്ളതെങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും നിർദ്ദേശവും പരിഗണിച്ച് കൂട്ടായ തീരുമാനത്തിലൂടെ ടെണ്ടർ വഴി ഗുണനിലവാരമുള്ള പ്രൊജക്ടർ വാങ്ങിയെന്നത് കണക്കിലെടുത്തും സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ , ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം നിരാകരിച്ച 19,800/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു എ ടി

അണ്ടർ സെക്രട്ടറി

കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, എരുവേശ്ശി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ,, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ